**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4899** **11-08-2021 - ൽ മറുപടിയ്ക്ക്**

**ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഒരുക്കിയിരിക്കുന്ന സൗകര്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആർദ്രം ഒന്നാം ഘട്ടം ആർദ്രം ഒന്നാം ഘട്ടത്തിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തിരഞ്ഞെടുക്കുകയും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 8,10,000/-(എട്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) ആരോഗ്യ കേരളം വഴി അനുവദിക്കുകയും, ഒ.പി കൗണ്ടർ, ഫാർമസി നവീകരണം, പ്രീ ചെക്കപ്പ് റൂം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം, മുതലായ അടിസ്ഥാന സൗകര്യങ്ങളും, രോഗീ സൗഹൃദ അന്തരീക്ഷം തുടങ്ങിയവ സൃഷ്ടിച്ച് സ്ഥാപനം നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരുകയാണ്. ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന മാർഗ്ഗരേഖ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നൽകി വരുന്ന എല്ലാ സേവനങ്ങളും ടി സ്ഥാപനത്തിൽ നൽകി വരുന്നു. ഇതിനായി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകളും ആർദ്രം പദ്ധതിയുടെ ഭാഗമായി സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടം ആർദ്രം രണ്ടാം ഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ പേരൂർ, പൂക്കോട്ടുകാവ്, എലമ്പുലാശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തിരഞ്ഞെടുക്കുകയും ടി സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ആയ രോഗികൾക്കുള്ള കാത്തിരിപ്പ് മുറി, ഒ.പി കൗണ്ടർ, പ്രീ ചെക്ക് കൗണ്ടർ, ലാബ് സൗകര്യം, പ്രത്യേക മുലയൂട്ടൽ റൂം, ഫാമർസി നവീകരണം, ഒ.പി റൂം നവീകരണം, രോഗീ സൗഹ്ദ |

| | | | |
|---|---|---|---|
| | | | അന്തീക്ഷം എന്നിവ സൃഷ്ടിച്ച് നിലവിൽ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ച വരുകയാണ്. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി പേരൂർ, എലമ്പുലാശ്ശേരി എന്നീ സ്ഥാപനങ്ങൾക്ക് 15.5 ലക്ഷം രൂപയും (പതിനഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പൂക്കോട്ടുകാവിന് 14 ലക്ഷം രൂപയും (പതിനാല് ലക്ഷം രൂപ) ആരോഗ്യ കേരളം വഴി അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി പേരൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു അസിസ്റ്റന്റ് സർജൻ, ഒരു സ്റ്റാഫ് നേഴ്സ് എന്നീ തസ്തികകളും, പൂക്കോട്ടുകാവ് കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും, എലമ്പുലാശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു സ്റ്റാഫ് നേഴ്സ് തസ്തികയും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടം ആർദ്രം മൂന്നാം ഘട്ടത്തിൽ ടി നിയോജക മണ്ഡലത്തിലെ കോട്ടപ്പുറം, തച്ചനാട്ടുകര, ലക്കിടി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങളും, രോഗീ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ച് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഒരു റവന്യൂ ബ്ലോക്കിൽ നിന്നും ഒരു സ്ഥാപനത്തെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കടമ്പഴിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം വർദ്ധിപ്പിക്കൽ തുടങ്ങിയവയ്ക്ക് ആയി ആരോഗ്യ കേരളം വഴി 37.5 ലക്ഷം രൂപ (മുപ്പത്തി ഏഴര ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. പ്രവർത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. കൂടാതെ കോവിഡ് 19 പശ്ചാത്തലത്തിൽ സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒന്ന് വീതം ഐസൊലേഷൻ വാർഡ് അനുവദിക്കുന്നതിന് ടി മണ്ഡലത്തിൽ നിന്നും കടമ്പിപ്പുറം സി.എച്ച്.സി യെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ